**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തലത്തിൽ നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 2020-21 വരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത്തലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിയിൽ കീഴിൽ ബ്ലോക്ക്തലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ടി പദ്ധതി. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുമ്പോഴും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ജൈവ ഗൃഹം-സംയോജിത |

| | | | |
|---|---|---|---|
| | | | കൃഷി (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/ പോഷകത്തോട്ടം/തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവ ഗൃഹം പദ്ധതി. കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങൾ ഉള്ളതുകൊണ്ട് തന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും, 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14680 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതു സ്വീകാര്യത മൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. |
| (ബി) | കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകളും തൊഴിൽ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ